പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1503 16.03. 2015- ലെ മറുപടി

# പ്രവാസി സ്വയം തൊഴിൽ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ)വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനഃരധിവസിപ്പിക്കുന്നതിനും അവർക്ക നാട്ടിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വിശദമാക്കുമോ; | (എ) വിദേശത്ത് ജോലി ചെയ്ത് മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) എന്ന ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. |
| (ബി) ഇത്തരം സ്വയം തൊഴിൽ സംരംഭങ്ങളുടെ വായ്പയ്ക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | ബി) നോർക്ക – റൂട്ട്സും കാനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പു വച്ചിട്ടുള്ള ധാരണപത്രത്തിന്റെ അടിസ്ഥാനത്തിൽ റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായാണ് ബാങ്കുകൾ പലിശനിരക്ക് നിശ്ചയിക്കുന്നത്. |

| | |
|---|---|
| (സി) കുറഞ്ഞ നിരക്കിൽ വായ്പ നൽകി പ്രവാസി സ്വയം തൊഴിൽ സംരംഭങ്ങൾ ഊർജിതപ്പെടുത്തുമോ? | (സി) നോർക്ക – റൂട്ട്സും കാനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പു വച്ചിട്ടുള്ള ധാരണപത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് ബാങ്കുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നത്. അപ്രകാരം നിശ്ചയിച്ചിരിക്കുന്ന പലിശനിരക്കിൽ നിന്നും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവു സർക്കാർ നൽകുന്നുണ്ട്. ഇതിനുപുറമേ 15% മൂലധന സബ്സിഡി സബ്സിഡിയും സംരംഭകർക്ക് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ